Draft #16 of File 17152/ADA1 SO/2020/AD A1 Approved by Registrar on 03-Jul-2020 08:47 PM - Page 1

15 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം: കോവിഡ് 19 - നിർവ്യാപന പ്രവർത്തനങ്ങൾ - സർവ്വകലാശാലയുടെ പ്രവർത്തനം - താൽക്കാലിക ജീവനക്കാക്കാരുടെ ജോലി ക്രമീകരണം- മാർഗ്ഗനിർദ്ദേശങ്ങൾ - അംഗീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 3014/AD A1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 03.07.2020

---

*പരാമർശം:*-1.നമ്പർ.2716/Ad A1 /2020/എം.ജി.യു തീയ്യതി 19.06.2020
2.നമ്പർ.3008/Ad A1 /2020/എം.ജി.യു തീയ്യതി 03.07.2020

**ഉത്തരവ്**

കോവിഡ്-19 നിർവ്യാപന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർവ്വകലാശാല പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിൻറെ ഭാഗമായി പരിഷ്ക്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (2) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.പ്രസ്തുത ഉത്തരവിന്റെ തുടർച്ചയായി സർവ്വകലാശാലയിലെ താൽക്കാലിക ജീവനക്കാരുടെ ജോലി സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന ക്രമീകരണങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കിക്കൊണ്ട് രജിസ്ട്രാർ ഉത്തരവായിരിക്കുന്നു.

1. CITAD, CETEX വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന കമ്പ്യൂട്ടർ പ്രോഗ്രാമേർസ് ഉൾപ്പെടെയുള്ള താൽക്കാലിക ജീവനക്കാർ എല്ലാ ഓഫീസ് ദിനങ്ങളിലും ഓഫീസിൽ ഹാജരാകേണ്ടതാണ്.
2. ഗർഭിണികളായ താൽക്കാലിക ജീവനക്കാർ, ശാരീരിക പരിമിതികളുള്ള താൽക്കാലിക ജീവനക്കാർ, എന്നിവർ ഹാജരാവാൻ കഴിയുന്നില്ലായെങ്കിൽ പ്രസ്തുത വിവരം മെഡിക്കൽ സർട്ടിഫിക്കറ്റിൻറെ അടിസ്ഥാനത്തിൽ മേലധികാരികളെ മുൻ കൂട്ടി അറിയിക്കേണ്ടതാണ്.
3. ജോലിക്ക് ഹാജരാവാൻ കഴിയാത്ത താൽക്കാലിക ജീവനക്കാരുടെ വേതനം ഇതു സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന തുടർ ഉത്തരവുകളെ അടിസ്ഥാനമാക്കിയായിരിക്കും അനുവദിക്കുക.
4. കോവിഡ്-19 'ബ്രേക്ക് ദ ചെയിൻ' ക്യാമ്പെയിന്റെ ഭാഗമായുള്ള ബന്ധപ്പെട്ട മറ്റെല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും താൽക്കാലിക ജീവനക്കാരും കൃത്യമായി പാലിക്കേണ്ടതാണ്.

ഒപ്പ്

ഡോ.പ്രകാശ് കുമാർ .ബി

രജിസ്ട്രാർ

പകർപ്പ്

1. സെക്ഷനുകൾ/ ഡിപ്പാർട്ട്മെൻറുകൾ/ സ്കൂളുകൾ
2. P.S. TO V.C/P.V.C 3. P.A.TO Registrar/C.E/F.O
4. എ.ആർ./ ഡി.ആർ/ ജെ.ആർ. (Exam/Admin/Fin)
5. പി.ആർ.ഒ./ കണ്ടൻറ് മാനേജ്മെന്റ് സെക്ഷൻ/
6. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #16 of File 17152/ADA1 SO/2020/AD A1 Approved by Registrar on 03-Jul-2020 08:47 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം